# കേരള കാർഷിക സർവ്വകലാശാല

എക്സ്റ്റെൻഷന് ട്രെയിനിംഗ് സെന്റർ, മഞ്ചേശ്വരം
വോർക്കാടി പി.ഒ.-671323
Emai :scmanjeswar@kau.in
Ph. No. 04998202203

## ക്വട്ടേഷൻ നോട്ടീസ്

നം.ഇ.ടി.സി/241/2018 തീയ്യതി.09.03.2022

കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായ ഈ സ്റ്റേഷനിൽ സെക്യൂരിറ്റി ഗാർഡായി കരാർ അടിസ്ഥാനത്തിൽ 2022-2023 വർഷത്തിൽ ജോലി നോക്കുന്നതിന വേണ്ടി വിമുക്ത ഭടൻ/പാരാമിലിട്ടറി ഫോഴ്സ്/റിട്ടയേഡ് പോലീസ് ഓഫീസർ/മറ്റ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവെച്ചതും മൽസര സ്വഭാവത്തിലുള്ളതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകള് | 1 എണ്ണം |
| ക്വട്ടേഷന് ലഭിക്കേണ്ട അവസാന തീയതി | 25.03.2022 2.30.P.M |
| ക്വട്ടേഷൻ തുറക്കുന്ന സമയം | 25.03.2022 3.P.M |
| ക്വട്ടേഷൻ സമയത്ത് നൽകേണ്ട നിരത ദ്രവ്യം | 1000 രൂപ. |

നിബന്ധനകൾ

1. ഈ കരാറിന്റെ കാലാവധി ഒരു വർഷമാകുന്നു.
2. ക്വട്ടേഷൻ “പ്രൊഫസർ ആന്റ് ഹെഡ്”, എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്റർ, മഞ്ചേശ്വരം, വോർക്കാടി (പി.ഒ) എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
3. ഈ ക്വട്ടേഷനിലേയ്ക്കുള്ള പ്രായ പരിധി 18 വയസ്സിനും 56 വയസ്സിനും ഇടയിലായിരിക്കണം.
4. ക്വട്ടേഷനിൽ കാണിക്കുന്ന വേതനനിരക്ക് ദിവസത്തിൽ 13 മണിക്കൂറിന്റേതായിരിക്കണം.
5. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ക്വട്ടേഷന്, മേലധികാരികൾക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം സ്ഥിരപ്പെടുത്തുന്നതാണ്.
6. ക്വട്ടേഷൻ ലഭിക്കുന്നയാൾ 10000/- രൂപ കരുതല് നിക്ഷേപമായി ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കരാർ കാലാവധി യഥാവിധി പൂർത്തിയാക്കിയാൽ പ്രസ്തുത സംഖ്യ പലിശ രഹിതമായി തിരികെ നൽകുന്നതാണ്.
7. സെക്യൂരിറ്റി ജീവനക്കാരന്റെ സാന്നിദ്ധ്യം കൃത്യവും കാര്യക്ഷമവും തടസ്സമില്ലാത്തതുമായിരിക്കണേം
8. ഫാം മേധാവി/ഫാമിന്റെ ചാർജ്ജുള്ള ശാസ്ത്രജ്ഞന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് രാത്രി സമയത്തും പകൽ സമയത്തും മാറി മാറി സെക്യൂരിറ്റി ജോലി നിർവ്വഹിക്കുവാൻ കരാറുകാന് ബാദ്ധ്യസ്ഥനാണ്.

(തുടർച്ച..2/-)

9. കച്വട്ടേഷൻ ഏതെങ്കിലും തരത്തിലുള്ള നിബന്ധനകളോ വ്യവസ്ഥകളോ ഉണ്ടെങ്കിൽ കച്വട്ടേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.
10. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാസത്തിലൊരിക്കലേ ചെക്ക് നൽകുകയുള്ളൂ.
11. കരാർ സംഖ്യയ്ക്ക് നിലവിൽ ബാധകമായ നിരക്കിൽ ഇൻകം ടാക്സ് ഈടാക്കുന്നതാണ്. കച്വട്ടേഷൻ ലഭിക്കുന്നായാൾ പാന് നമ്പര് സമർപ്പിക്കേണ്ടതാണ്. (വ്യക്തികൾക്ക് 1 %, സ്ഥാപനമാണെങ്കിൽ 2% ടി.ഡി.എസ് ഈടാക്കുന്നതാണ്).
12. ഡി.എസ്.എസ്.എ ബോർഡ് തുടങ്ങിയവയിലുള്ള സെക്യൂരിറ്റി ഗാർഡുകള് അവരുടെ തിരിച്ചറിയല് കാർഡും , ഗസറ്റഡ് ഓഫീസര് സാക്ഷ്യപ്പെടുത്തിയ വിടുതല് സർട്ടിഫിക്കറ്റിന്റെ കോപ്പിയും ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ഹാജരാക്കേണ്ടതാണ്.
13. സെക്യൂരിറ്റി ജോലിയില് നിയോഗിക്കപ്പെട്ട വ്യക്തിക്ക് കച്വട്ടേഷനിൽ പറഞ്ഞ തുകയ്ക്കല്ലാതെ യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റു യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
14. സെക്യൂരിറ്റി വീഴ്ചയുടെ ഭാഗമായുണ്ടാകുന്ന മോഷണം, വസ്തുവകകൾ നഷ്ടപ്പെടല് തുടങ്ങിയ എല്ലാ കഷ്ട നഷ്ടങ്ങൾക്കും കച്വട്ടേഷണർ ഉത്തരവാദിയായിരിക്കും. ഇതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ സെക്യൂരിറ്റി തുകയിൽനിന്നോ, മറ്റു വിധത്തിലോ കച്വട്ടേഷണറിൽ നിന്നും ഈടാക്കുന്നതാണ്.
15. ഈ കരാർ മുഖേന സെക്യൂരിറ്റി ഗാർഡുകൾക്ക് എന്തെങ്കിലും ബാധ്യതകളോ, കഷ്ട നഷ്ടങ്ങളോ വന്നു ചേരുകയാണെങ്കിൽ അവ പരിഹരിച്ചു നൽകുന്നതിനു സർവ്വകലാശാലയ്ക്ക് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.
16. ആവശ്യമെങ്കില് കൂടുതല് സെക്യൂരിറ്റി ജീവനക്കാരെ നൽകാൻ ബാധ്യസ്ഥരാണ്.
17. കച്വട്ടേഷൻ ലഭിക്കുന്നയാൾ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി 200 രൂപയുടെ മുദ്രപത്രത്തിൽ യൂണിവേഴ്സിറ്റിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
18. കച്വട്ടേഷണറുടെ സേവനം തൃപ്തികരമല്ലെങ്കിൽ ഏതു സമയത്തും യതൊരു കാരണവും കാണിക്കാതെ തന്നെ നിർത്തലാക്കാനുള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം സാഹചര്യങ്ങളിൽ കരുതല് നിക്ഷേപം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.

പ്രൊഫസർ & ഹെഡ്

**Professor & Head**
**Extension Training Centre**
**Kerala Agricultural University**
**Vorkady, Manjeswar**

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. കെ.എ.യു വെബ്സൈറ്റ്
3. വോർക്കാടി പഞ്ചായത്ത് നോട്ടീസ് ബോർഡ്.
4. വില്ലേജ് ഓഫീസ്, വോർക്കാടി.
5. കൃഷിഭവൻ, വോർക്കാടി
6. ഫയൽ